(ബി) ഉഷ സ്കൂൾ ഓഫ് അത്‌ലറ്റിക്സ്, കൊയിലാണ്ടി. ഈ അത്‌ലറ്റിക് സ്കൂളിന് 25 ലക്ഷം രൂപ ഗ്രാന്റ് നൽകിയിട്ടുണ്ട്.

(സി) & (ഡി) ഉഷാ സ്കൂൾ ഓഫ് അത്‌ലറ്റിക്സിന് സ്പോർട്സ് സ്കൂൾ സമുച്ചയം നിർമ്മിക്കുന്നതിന് കോഴിക്കോട് ജില്ലയിൽ കിലാനൂരിൽ കെ. എസ്. ഐ. ഡി. സി. യുടെ അധീനതയിലുള്ള 30 ഏക്കർ സ്ഥലം 50 വർഷത്തെ പാട്ട വ്യവസ്ഥയിൽ 3000 രൂപാ വാർഷിക പാട്ട നിരക്കിൽ സർക്കാർ അനുവദിച്ചിട്ടുണ്ട്.

സുനാമി ബാധിതർക്ക് മത്സ്യബന്ധന ഉപകരണങ്ങൾ

*14 [665] *ശ്രീ. കോടിയേരി ബാലകൃഷ്ണൻ:*

ഡോ. തോമസ് ഐസക്:

ശ്രീ. ടി. കെ. ദേവകുമാർ:

,, പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമി ബാധിത തീരങ്ങളിലെ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണങ്ങളും അനുബന്ധ സാമഗ്രികളും വിതരണം ചെയ്യാനുള്ള തീരുമാനം നടപ്പിൽ വരുത്തിയിട്ടുണ്ടോ;

(ബി) ഇതിനായി എന്തു തുക ചെലവഴിക്കാനായിരുന്നു സർക്കാർ തീരുമാനമെന്ന് വ്യക്തമാക്കാമോ;

(സി) ഇത് വിതരണം നടത്താൻ താമസം നേരിടുന്നതെന്തുകൊണ്ടാണ്; ഇവ വിതരണം ചെയ്യാൻ ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) ഗുണഭോക്താവിനെ തെരഞ്ഞെടുക്കാനുള്ള മാനദണ്ഡം തീരുമാനിച്ചിട്ടുണ്ടോ;

(ഇ) സുനാമി ദുരിത ബാധിതർക്കുള്ള ആനുകൂല്യങ്ങളുടെ വിതരണം സുതാര്യമാക്കുന്നതിന് തയ്യാറാകുമോ?

ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രിക്കുവേണ്ടി ഊർജ്ജ വകുപ്പുമന്ത്രി *(ശ്രീ. ആര്യാടൻ മുഹമ്മദ്):*

(എ) ഉണ്ട്.

(ബി) മത്സ്യത്തൊഴിലാളികൾക്ക് നഷ്ടപ്പെട്ട മത്സ്യബന്ധന ഉപകരണങ്ങളും അനുബന്ധ സാമഗ്രികളും പകരം നൽകുക, കേടായവ നന്നാക്കി കൊടുക്കുക എന്നതാണ് തീരുമാനം. ഇതിനാവശ്യമായ തുക ചെലവഴിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) യഥാർത്ഥ ഗുണഭോക്താക്കളെ അന്വേഷണത്തിലൂടെയും അപേക്ഷകളുടെ സൂക്ഷ്മ പരിശോധനയിലൂടെയും കണ്ടെത്തി കാലതാമസം കൂടാതെ വിതരണം ചെയ്തു വരുന്നു. ഇതിന്റെ വിതരണത്തിന് മത്സ്യഫെഡിനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്.

(ഡി) ഉണ്ട്.

(ഇ) സുതാര്യത പാലിച്ചുകൊണ്ടാണ് ആനുകൂല്യങ്ങൾ നൽകിവരുന്നത്.

"വാറ്റ്" സംബന്ധമായ പരാതികളിന്മേൽ നടപടി

*15 [666] *ശ്രീ. വി. ചെന്താമരാക്ഷൻ:*

„ *എം. വി. ജയരാജൻ:*

„ *കെ. രാധാകൃഷ്ണൻ:*

„ *രാജു എബ്രഹാം:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാല്യു ആഡഡ് ടാക്സ് സമ്പ്രദായം നടപ്പാക്കുന്നത് സംബന്ധിച്ച് വ്യാപകമായ പരാതികൾ ഉണ്ടായിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പരാതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പരാതികൾ സർക്കാർ പരിശോധിച്ചിട്ടുണ്ടോ; സർക്കാരിന് ലഭിച്ച പരാതികൾ ഏതു വിധത്തിൽ പരിഹാരമുണ്ടാക്കാനാണ് ഉദ്ദേശിക്കുന്നത്;

(ഡി) മൂല്യവർദ്ധിത നികുതി സമ്പ്രദായം നിലവിൽ വരുത്തുകയും സെൻട്രൽ സെയിൽസ് ടാക്സ് നിലനിർത്തുകയും ചെയ്താൽ അസംസ്കൃത സാധനങ്ങൾക്ക് അന്യസംസ്ഥാനങ്ങളെ ആശ്രയിക്കുന്ന കേരളത്തിലുള്ള ചെറുകിട വ്യവസായങ്ങളെ അത് ദോഷകരമായി ബാധിക്കുമോയെന്ന് പരിശോധിച്ചിട്ടുണ്ടോ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (*ശ്രീ. വക്കം പുരുഷോത്തമൻ*):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ വ്യാപാരികൾക്ക് ഉണ്ടായിരുന്ന ചില ആശങ്കകൾ ബോധവൽക്കരണത്തിലൂടെയും ചർച്ചയിലൂടെയും പരമാവധി പരിഹരിച്ചിട്ടുണ്ട്.

(ബി) ബാധകമല്ല.

(സി) വാറ്റ് നടപ്പിലാക്കുന്നതുമായി ലഭിച്ച ചില നിർദ്ദേശങ്ങളിൽ പരിഗണനാർഹമായവകൂടി ചേർത്തുകൊണ്ടുള്ള ഭേദഗതികൾ വാറ്റ് നിയമത്തിലും കരട് ചട്ടങ്ങളിലും വരുത്തിയിട്ടുണ്ട്.

(ഡി) വാറ്റ് നടപ്പിലാക്കുമ്പോൾ സെൻട്രൽ സെയിൽ ടാക്സ് പ്രാരംഭഘട്ടത്തിൽ മാത്രമേ നിലനിർത്തുകയുള്ളൂ എന്നാണ് ഉന്നതാധികാര സമിതിയുടെ

LIBRARY ARCHIVES Kerala Legislative Assembly